<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283**</u> <u>**09-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ നൽകുന്നതിന് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | നൈപുണ്യ പോഷണത്തിലൂടെ അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പടെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം പരിഷ്ക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ എല്ലാ സാമ്പ്രദായിക രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കോർഡുകൾ സ്കാൻ ചെയ്ത് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനങ്ങളും നടന്നു വരികയാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രധാനപ്പെട്ട സേവനങ്ങളിലൊന്നായ വേക്കൻസി മോഡ്യൂൾ ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗദായകർക്ക് ഓൺലൈൻ ആയി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയും ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടതു സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | വിവരങ്ങളും, അനുബന്ധ വിവരങ്ങളും ഓൺലൈനായി അറിയാൻ കഴിയുന്നതുമായ വിധത്തിലാണ് ടി മോഡ്യൂൾ സജ്ജമാക്കി വരുന്നത്. ഓൺലൈൻ സേവനങ്ങൾ ഗ്രാമീണ മേഖലയിലെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പടെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യമായ മാർഗനിർദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ